# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4636 26.10.2016-ൽ മറുപടിക്ക്**

## ആദിവാസികൾക്ക് മരം മുറിച്ച് ഉപയോഗിക്കുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>,, പി.ടി.എ. റഹീം<br>,, കെ. ബാബു<br>,, കെ. ആൻസലൻ : | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ആദിവാസികൾ സ്വയംനട്ടുവളർത്തിയതും പരിപാലിച്ച് പോരുന്നതുമായ ആഞ്ഞിലി, പ്ലാവ് തുടങ്ങിയ മരങ്ങൾ ഭവന നിർമ്മാണം അടക്കമുള്ള സ്വന്തം ആവശ്യങ്ങൾക്ക് പോലും മുറിച്ച് ഉപയോഗിക്കുന്നതിന് പ്രയാസം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 06.06.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.42/15/വനം പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനാവകാശനിയമം അനുസരിച്ച് ലഭ്യമായതും, അല്ലാതെയുമുള്ള കൈവശഭൂമിയിൽ വീട് പണിയ്ക്കായി അവർ നട്ട് വളർത്തിയ പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ എന്നീ വൃക്ഷങ്ങളിൽ നിന്നും 1.50 ക്യു.മീറ്റർ തടി വരെ ബന്ധപ്പെട്ട വനം വകുപ്പ് റെയിഞ്ച് ഓഫീസറുടെ അനുമതിയോടെ മുറിച്ചെടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) ബാധകമല്ല. |

. . . .2)

| | | | |
|---|---|---|---|
| സി) | ആദിവാസികൾക്ക് മരം മുറിച്ച് ഉപയോഗിക്കുന്നതിന് നിലവിൽ ആരുടെയെല്ലാം അനുമതിയാണ് ലഭിക്കേണ്ട-തെന്ന് അറിയിക്കുമോ; | (സി) | ബന്ധപ്പെട്ട റെയിഞ്ചാഫീസറുടെ അനുമ-തിയാണ് ലഭിക്കേണ്ടത്. |
| ഡി) | പുതിയ മരങ്ങൾ വച്ചു പിടിപ്പി-ക്കുന്നതിൽനിന്നും ആദിവാ-സികളെ നിരുത്സാഹപ്പെടു-ത്തുന്നതാണ് ഈ അവസ്ഥ എന്നത് പരിഗണിച്ചും പരി-സ്ഥിതിയ്ക്ക് ദോഷം സംഭവി-ക്കാത്ത വിധത്തിലും ഇട നിലക്കാരുടെ ചൂഷണത്തിൽ നിന്നു സംരക്ഷണം ഉറപ്പാ-ക്കിയും ഇത്തരം മരങ്ങൾ മുറിയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | പുതിയ മരങ്ങൾ വെച്ചു പിടിപ്പിക്കു-ന്നതിന് പ്രോത്സാഹനമായും, ഇടനില-ക്കാരുടെ ചൂഷണം ഒഴിവാക്കാനുമാണ് ആദിവാസികൾക്ക് അവർ നട്ടു വളർത്തിയ മരങ്ങളിൽ നിന്നും ഗൃഹ നിർമ്മാണത്തിന് 1.50 ക്യു.മീറ്റർ തടി വരെ മുറിച്ചെടുത്ത് ഉപയോഗിക്കാൻ അനുമതി നൽകിയത്. |

Beena

സെക്ഷൻ ഓഫീസർ